**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.725 11.06.2014-ൽ മറുപടിക്ക്**

**<u>മരുന്ന് കുറിപ്പടികൾ ക്യാപ്പിറ്റൽ ലെറ്ററിൽ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അലോപ്പതി ഡോക്ടർമാർ മരുന്നുകൾ കുറിച്ച് നൽകുമ്പോൾ പേര് കൂട്ടക്ഷരത്തിൽ എഴുതാതെ ക്യാപ്പിറ്റൽ ലെറ്ററിൽ എഴുതണമെന്ന നിർദ്ദേശം ഡോക്ടർമാർക്ക് സർക്കുലറിലൂടെ നൽകുമോ; | (എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലുമായും, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലുമായും ആലോചിച്ച മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയൂ. മരുന്നുകൾ കുറിക്കുമ്പോൾ വ്യക്തമായും, വായിക്കുവാൻ കഴിയുന്ന രീതിയിലും എഴുതണമെന്ന നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) മരുന്നിന്റെ കുറിപ്പടികൾ വായിക്കാൻ കഴിയാതെ മരുന്നുമാറി കഴിക്കുന്നതുമൂലമുണ്ടാകുന്ന അത്യാഹിതമൊഴിവാക്കാൻ ബോധവൽക്കരണം നടത്തുമോ; | (ബി) ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. |
| (സി)മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റുകൾ ഉണ്ടാകണമെന്ന നിബന്ധന കർശനമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യത്തിൽ ഒരു കർശന നിർദ്ദേശം ഡ്രഗ്സ് കൺട്രോളർക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ